# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4246 | 25/06/2018 – ൽ മറുപടിക്ക്

## എഴുകോണിൽ ഇ. എസ്.ഐ. ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കൊല്ലം എഴുകോണിൽ നിർത്തലാക്കിയ ഇ.എസ്.ഐ. ആശുപത്രി പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കൊല്ലം എഴുകോണിൽ ഇ.എസ്.ഐ ആശുപത്രി നിർത്തലാക്കിയിട്ടില്ല. ടി ആശുപത്രി സംസ്ഥാന സർക്കാരിൽ നിന്നും ഇ.എസ്.ഐ കോർപ്പറേഷൻ ഏറ്റെടുത്തിരുന്നു. ആയത് ഇപ്പോൾ ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരികയാണ്. |
| (ബി) | കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ അനുവദിക്കപ്പെട്ടിട്ടും ആരംഭിക്കാതെ കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | 15.09.2017 ലെ സ.ഉ(എംഎസ്) നം. 75/2017/തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട്, കുളത്തൂപ്പുഴ, റാന്നി, കണ്ണൻ ദേവൻഹിൽസ്, പീരുമേട്, മന്നാംകണ്ടം, കട്ടപ്പന, കുമിളി, കുത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, കൊണ്ടോട്ടി, മുക്കം, ബാലുശ്ശേരി, താമരശ്ശേരി, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ 18 സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ കോഴിക്കോട് ജില്ലയിലെ മുക്കം, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നീ രണ്ട് സ്ഥലങ്ങളിൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അംഗീകാരം മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് |
| (സി) | പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഇ.എസ്.ഐ കോർപ്പറേഷനാണ്. ആയതിനാൽ സർക്കാർ അംഗീകാരം നൽകിയ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**